**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **03-08-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് കോളേജ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിനും യുജിസി/എ.ഐ.സി.ടി.ഇ/ എൻ.സി.ടി.ഇ ചട്ടങ്ങ ൾക്കും വിധേയമായി മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ സെലക്ഷൻ കമ്മറ്റി മുഖേന തിരഞ്ഞെടുത്ത് നിയമിക്കുന്നു. സർക്കാർ കോളേജുകളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത് |
| (ബി) | എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ നടത്തുന്നത്; ഇല്ലെങ്കിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇളവുകൾ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് നടത്തുന്നത് |
| (സി) | എയ്ഡഡ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അധ്യാപക, അനധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; എങ്കിൽ സംവരണം നൽകുന്നതിന്റെ ആനുപാതിക കണക്ക് വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് /അറബിക് /ബി.എഡ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യും പ്രകാരം ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ 50:50 അനുപാതം പാലിച്ചാണ് നിയമനം നടത്തുന്നത്. ഇവിടെ കമ്മ്യൂണിറ്റി മെറിറ്റ് എന്നത് പ്രസ്തുത കോളേജുൾപ്പെടുന്ന വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റിയെയാണ് സൂചിപ്പിക്കുന്നത്. ഇതല്ലാതെ എയ്ഡഡ് കോളേജുകളിൽ നിയമനത്തിനായി ജാതി സംവരണം സംബന്ധിച്ച് സർവ്വകലാശാല ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് /അറബിക് /ബി.എഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15/02/2021 ലെ സ.ഉ.(കൈ) 96/2021/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ സർക്കാർ ശമ്പളം നൽകുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം | (ഡി) | കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ |

| | | | |
|---|---|---|---|
| | സംവരണതത്വം പാലിച്ചുകൊണ്ടുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ? | | വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 25.5.2015 ലെ വിധിന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ് മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21.12.2017 ലെ വിധിന്യായം മാനേജുമെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21.12.2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26.12.2017 ലെ മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീംകോടതി മുമ്പാകെ എസ്.എൽ.പി. (സി)9975/18 നമ്പരായി എസ്.എൽ.പി. ഫയൽ ചെയ്തിട്ടുള്ളതും ആയതിൻമേൽ വാദം നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ